നടുവണ്ണൂർ ഹൈസ്ക്കൂൾ

1430. [2163] ശ്രീ. എ. കെ. പത്മനാഭൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

എസ്. എസ്. എൽ. സി. പരീക്ഷയുമായി ബന്ധപ്പെട്ട് നടുവണ്ണൂർ ഹൈസ്കൂളിൽ സസ്പെൻഡ് ചെയ്യപ്പെട്ട അദ്ധ്യാപകരിൽ കേസ് ചാർജ് ചെയ്യാത്ത അദ്ധ്യാപകരുടെ സസ്പെൻഷൻ പിൻവലിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

ഇക്കാര്യം സർക്കാരിന്റെ പരിഗണനയിൽ ഇരിക്കുകയാണ്.

പുത്തൻചേരി ഗവൺമെന്റ് എൽ. പി. സ്ക്കൂളിനുവേണ്ട സ്ഥലം

1431. [2164] ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി വിദ്യാഭ്യാസ ഉപജില്ലയിൽപ്പെട്ട പുത്തൻചേരി ഗവൺമെന്റ് എൽ. പി. സ്ക്കൂളിനുവേണ്ട സ്ഥലം അക്വയർ ചെയ്യുവാൻ തീരുമാനം എടുത്തിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച് എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(സി) എത്ര സ്ഥലമാണ് അക്വയർ ചെയ്യാൻ ഉദ്ദേശിക്കുന്നത് ;

(ഡി) ഇന്ന് സ്ക്കൂൾ സ്ഥിതിചെയ്യുന്ന കെട്ടിടത്തിൽ എത്ര ക്ലാസ്സ് റൂമുകൾ ഉണ്ടെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) തീരുമാനം എടുത്തിട്ടില്ല.

(ബി & സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) കൊയിലാണ്ടി വിദ്യാഭ്യാസ ഉപജില്ലാ ആഫീസിൽ നിന്നും വിവരം ശേഖരിച്ചുവരുന്നു.

നടുവിൽ ടെക്നിക്കൽ ഹൈസ്ക്കൂൾ

1432. [2166] ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കണ്ണൂർ ജില്ലയിൽ ആരംഭിച്ച നടുവിൽ ടെക്നിക്കൽ ഹൈസ്ക്കൂളിൽ സ്റ്റാഫ് പാറ്റേൺ പ്രകാരം എത്ര ടെക്നിക്കൽ/നോൺ ടെക്നിക്കൽ അദ്ധ്യാപകരാണ് വേണ്ടതെന്നും, ഇപ്പോൾ എത്രപേർ അവിടെ ഉണ്ടെന്നും വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

സ്റ്റാഫ് പാറ്റേൺ താഴെ പറയും പ്രകാരമാണ്.

1. സ്പെഷ്യൽ ഓഫീസർ—1
2. ഇൻസ്ട്രക്ടർ ഇൻ എഞ്ചിനീയറിംഗ്—1
3. വർക്ക് ഷോപ്പ് ഇൻസ്ട്രക്ടർ—2
4. സ്കിൽഡ് അസിസ്റ്റന്റ്—2
5. അറ്റൻഡർ—1

സ്പെഷ്യൽ ഓഫീസർ, ഇൻസ്ട്രക്ടർ ഇൻ എഞ്ചിനീയറിംഗ്, സ്കിൽഡ് അസിസ്റ്റന്റ്, അറ്റൻഡർ എന്നീ തസ്തികകളിൽ നിയമനം നടത്തിയിട്ടുണ്ട്. വർക്ക്ഷോപ്പ് ഇൻസ്ട്രക്ടറുടെ രണ്ടു തസ്തികകളിൽ താൽക്കാലിക നിയമനം നടത്താൻ നടപടികൾ എടുത്തിട്ടുണ്ട്. നോൺ ടെക്നിക്കൽ അദ്ധ്യാപകരുടെ തസ്തികകൾ സൃഷ്ടിക്കുന്നതിന് നടപടികൾ എടുത്തുകൊണ്ടിരിക്കുന്നു. രണ്ട് പ്രൊട്ടക്റ്റഡ് അദ്ധ്യാപകരെ (സയൻസ്-1, സോഷ്യൽ സ്റ്റഡീസ്-1) നിയമിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ടീച്ചേഴ്സ് ട്രെയിനിംഗ് സ്കൂളുകൾ

1433. [2167] ശ്രീ. ഇ ടി. മുഹമ്മദ് ബഷീർ :

,, കെ. പി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ പ്രകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര ടീച്ചേഴ്സ് ട്രെയിനിംഗ് സ്കൂളുകളാണുള്ളത് ;

(ബി) അവയുടെ ജില്ല തിരിച്ചുള്ള കണക്ക് എത്ര ;

(സി) കൂടുതൽ ട്രെയിനിംഗ് സ്കൂളുകൾ അനുവദിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

(എ) 93 എണ്ണം.

(ബി)

1.	തിരുവനന്തപുരം	8
2.	കൊല്ലം	8
3.	പത്തനംതിട്ട	10
4.	ആലപ്പുഴ	11
5.	കോട്ടയം	10
6.	എറണാകുളം	13
7.	ഇടുക്കി	1
8.	തൃശൂർ	9
9.	പാലക്കാട്	7
10.	മലപ്പുറം	5
11.	കോഴിക്കോട്	5
12.	വയനാട്	1
13.	കണ്ണൂർ	3
14.	കാസർഗോഡ്	2
	ആകെ	93

(സി) ഇപ്പോൾ ഉദ്ദേശിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly